പതിനാലാം കേരള നിയമസഭ

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3505 — 20.06.2018 ൽ മറുപടിയ്ക്ക്

## മങ്കട നിയോജകമണ്ഡലത്തിലെ അനധികൃത ക്വാറികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മങ്കട നിയോജകമണ്ഡലത്തിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതി ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (ബി) പെരിന്തൽമണ്ണ ആർ.ഡി.ഒ.-യിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ചവറോടിയിൽ അനധികൃതമായി ഒരു ക്വാറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിന് മങ്കട പോലീസ് സ്റ്റേഷനിൽ ക്രൈം നം.64/18 u/s 286 IPC & Sec.4(b), 5 of Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തിയാൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദീകരിക്കാമോ? | (സി) നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണോ ക്വാറികൾ പ്രവർത്തിച്ചുവരുന്നത് എന്ന് പോലീസും, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും നിരീക്ഷിച്ചു വരുന്നു. നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഐ.പി.സി.-യിലേയും എക്സ്പ്ലോസിവ് സബ്സ്റ്റൻസ് ആക്ടിലേയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ വില്ലേജ് ഓഫീസർമാർ നിരോധന ഉത്തരവ് നൽകി വരുന്നുണ്ട്. കൂടാതെ ഇത്തരം ക്വാറികൾക്കെതിരെ മൈനിംഗ് & ജിയോളജി വകുപ്പ് നടപടിയെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ